LIBRARY ARCHIVES Kerala Legislative Assembly

വെള്ളക്കരം അടയ്ക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം

159 (5049) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം അക്കേമുള്ള ഫീസുകൾ അടയ്ക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരവും, ഇ-ടെണ്ടറുകൾ സമർപ്പിക്കുമ്പോൾ കോൺട്രാക്ടർമാർ അടയ്ക്കേണ്ട നിരതദ്രവ്യം, ടെണ്ടർ ഫോമിന്റെ വില എന്നിവയും ഓൺലൈനിലൂടെ ക്രെഡിറ്റ് കാർഡുകളും ഇന്റർനെറ്റ് അധിഷ്ഠിത ബാങ്ക് അക്കൗണ്ടുകൾ മുഖേനയും അടയ്ക്കുന്നതിനുള്ള സൗകര്യം 15-7-2010-ൽ നിലവിൽ വന്നു. വെള്ളക്കരം ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം തിരുവനന്തപുരം പി.എച്ച്.ഡിവിഷനു കീഴിലെ ഉപഭോക്താക്കൾക്കാണ് ഇപ്പോൾ ലഭ്യമാകുക. കേരള വാട്ടർ അതോറിറ്റിയുടെ പുതിയ വെബ് സൈറ്റായ www.kwa.kerala.gov.in-ലാണ് ഇതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയിൽ സമ്പൂർണ്ണ നെറ്റ്വർക്കിംഗ് നിലവിൽ വരുന്നതോടെ ഈ സംവിധാനം സംസ്ഥാനമൊട്ടാകെയുള്ള ഉപഭോക്താക്കൾക്ക് ലഭ്യമാകും.

ശുദ്ധജല വിതരണ മീറ്ററുകളുടെ വാടക

160 (5050) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി, ശുദ്ധജല വിതരണ മീറ്ററുകളുടെ വാടകയിനത്തിൽ പ്രതിമാസം എത്ര രൂപ വീതമാണ് ഈടാക്കുന്നത് ;

(ബി) സ്വന്തമായി മീറ്റർ വാങ്ങിവയ്ക്കുന്ന ഉപഭോക്താക്കളിൽ നിന്നും വാടക ഈടാക്കാറുണ്ടോ ;

(സി) ഉപഭോഗ വസ്തു അളന്നും തൂക്കിയും നൽകേണ്ട ഉത്തരവാദിത്വം വിൽപ്പന വിതരണക്കാരനാണെന്നിരിക്കെ മീറ്റർ വാടക ഉപഭോക്താവിൽ നിന്ന് ഈടാക്കുന്നത് നീതിയല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉപഭോക്താവിനെ ഈ അനാവശ്യ ബാദ്ധ്യതയിൽനിന്നും ഒഴിവാക്കാൻ ആവശ്യമെങ്കിൽ നിയമ ഭേദഗതി വരുത്തുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ മീറ്ററുകൾ ഘടിപ്പിച്ചിട്ടുള്ള കണക്ഷനുകൾ നിലവിലുള്ള ഉപഭോക്താക്കളിൽ നിന്നും പ്രതിമാസം 10 രൂപ നിരക്കിലാണ് വാടക ഈടാക്കുന്നത്.